# ചീഫ്എഞ്ചിനീയറുടെകാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം

**ടെക്നിക്കൽ സർക്കുലർ നംW3/4173 /2013/GL** തിയതി:2/7/2018

**വിഷയം: ഹരിതകേരളം മിഷൻ – ജലസംരക്ഷണം/ജലസമൃദ്ധി – ഉപമിഷൻ – ജലസ്രോതസ്സുകളുടെ സംരക്ഷണം/ സംഭരണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട നടപടികൾ – സംബന്ധിച്ച്.**

**പരാമർശം:സ.ഉ(പി) നം.10/2017/ആ.സാ.വ തിയതി 19/04/2017**

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെടുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, കാലാവസ്ഥാ വ്യതിയാനം പോലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്നിവയ്ക്കായുള്ള പ്രാദേശിക പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതുണ്ട്. ഇത് നേടുന്നതിന് നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കേണ്ടതുണ്ട്. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജല സംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് സംയോജിത നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ താഴെപ്പറയുന്ന ഘടകങ്ങൾ നിർബന്ധമായും ഉറപ്പാക്കിക്കൊണ്ടാകണം ഏറ്റെടുക്കേണ്ടത്.

1. ഹരിതകേരളം മിഷന്റെ ഉപദൗത്യമായ ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നീർത്തട പ്ലാൻ/നീർത്തട മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടവയായിരിക്കണം
2. നീർച്ചാലുകൾ/തോടുകൾ/കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ നീരൊഴുക്ക് / ജലസംഭരണം വർദ്ധിപ്പിക്കുന്ന വിധത്തിലാകണം വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ജലസ്രോതസ്സുകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ വേണം

3. മഴ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി ജലം സംഭരിക്കുക, ഭൂജല പരിപോഷണം വർദ്ധിപ്പിക്കുക, ജലസുരക്ഷ ഉറപ്പാക്കുക, പ്രാദേശിക പരിസ്ഥിതി സംരക്ഷിക്കുക, എന്നിവയെ ആധാരമാക്കി പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ ജലം സംഭരിക്കാൻ കഴിയുന്ന കുളങ്ങൾ/ചിറകൾക്ക് മുൻഗണന നൽകേണ്ടതാണ്.

4. മഴവെള്ളം പരമാവധി സംഭരിക്കാൻ കഴിയുന്ന വിധത്തിലുള്ള കുളങ്ങൾ പുന:രുദ്ധാരണത്തിനായി ഏറ്റെടുക്കുമ്പോൾ പ്രസ്തുത കുളത്തിന്റെ വൃഷ്ടി പ്രദേശ സംരക്ഷണം ഏതു വിധത്തിൽ ഉറപ്പാക്കാം എന്നതു കൂടി (ഏകോപന സാധ്യത) പരിഗണിക്കേണ്ടതാണ്. (ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുടെ ഏകോപനം ഹരിതകേരളം മിഷൻ ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതിയുടെ സഹകരണത്തോടു കൂടി ഉറപ്പാക്കേണ്ടതാണ്).

5. ജലസേചന സൗകര്യം വർദ്ധിപ്പിച്ച് , അധിക ആയക്കെട്ട് കൈവരിക്കുന്നതിനായി, ഉപയോഗയോഗ്യമല്ലാതായിമാറിയ ജലസംരക്ഷണ/ജലസംഭരണ നിർമ്മിതികളുടെ പുന:രുദ്ധാരണത്തിന് മുൻഗണന നൽകാവുന്നതാണ്.

6. ജലസേചന പദ്ധതി പ്രദേശത്തെ കനാലുകളുടെ സമീപത്തുള്ള കുളങ്ങൾ കനാലുകളുമായി ബന്ധിപ്പിച്ചിട്ടില്ലെങ്കിൽ അവയെ കനാലുകളുമായി ബന്ധിപ്പിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പ്രോജക്ട് അധികാരികളുടെ മുൻകൂർ അനുമതി തേടേണ്ടതാണ്.

7. ജലസേചന പദ്ധതി കനാലുകൾ/ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ എന്നിവയുടെ നീരൊഴുക്ക്ക്ഷമത വർദ്ധിപ്പിച്ച് ജല നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.

8. ജലസേചന പ്രോജക്ട് കനാലുകൾ/ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ എന്നിവയുടെ ശുചിയാക്കൽ ജലവിതരണം ആരംഭിക്കുന്നതിന് മുൻപായി പൂർത്തിയാക്കേണ്ടതാണ്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ, ജലവിതരണം നിറുത്തിവയ്ക്കുന്ന ഇടവേളയിൽ വളരുന്ന പായൽ/കളകൾ എന്നിവ മാറ്റുന്നതിനുള്ള തുക കൂടി മെയിന്റനൻസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക, തരിശു കിടക്കുന്ന പ്രദേശത്ത് കൃഷി വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളുള്ള പ്രവൃത്തികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

10. ജലസംരക്ഷണം വർദ്ധിപ്പിച്ച് നീർത്തടത്തിലെ ജലലഭ്യത സുസ്ഥിരമാക്കാൻ കഴിയും വിധത്തിൽ ചെറു സംഭരണികൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇത്തരത്തിലുള്ള നിർമ്മിതികൾക്കാവശ്യമായ

പര്യവേഷണം/രൂപകൽപ്പന പൂർത്തിയാക്കിയാകണം ഇവ ഏറ്റേടുക്കേണ്ടത്. നിലവിലുള്ള ജലസേചന/ജലസംഭരണ നിർമ്മിതികളുടെ ലഭ്യമായ സ്റ്റോറേജ് കണക്കിലെടുത്തു വേണം പുതിയ നിർമ്മിതികളുടെ സ്ഥാനവും സ്റ്റോറേജും നിർണ്ണയിക്കേണ്ടത്.

11. ജലസ്രോതസ്സുകൾ/സംഭരണികൾ എന്നിവയിലേയ്ക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.
12. നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞ ജലസേചന നിർമ്മിതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്/കർഷക ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറുന്നതാണ് അഭികാമ്യം.
13. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന വിധത്തിൽ തദ്ദേശീയമായ മരങ്ങൾ/ചെടികൾ എന്നിവ വച്ചുപിടിപ്പിക്കുന്നതിന്, വിവിധ വകുപ്പുകൾ/ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായിച്ചേർന്ന്, പ്രധാന്യം നൽകേണ്ടതാണ്.

**മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾക്കൊള്ളുന്ന പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ അവയുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ താഴെപ്പറയുന്ന സൂചകങ്ങൾ ബാധകമാണ്.**

i) കുളങ്ങൾപോലുള്ളവ ഏറ്റെടുക്കുമ്പോൾ സംഭരണശേഷി എത്ര അളവിൽ വർദ്ധിച്ചു എന്ന് പറയാൻ കഴിയണം
ii) പ്രദേശിക ജലസ്രോതസ്സായ കിണറുകളിലെ ജലലഭ്യത ഏതളവിൽ വർദ്ധിച്ചു
iii) പ്രദേശികമായി വിവിധ തരം കൃഷി ഭൂമിയിലുണ്ടാകുന്ന വർദ്ധനവ്
iv) ജല ഗുണനിലവാരം മെച്ചപ്പെടുത്തുക.

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾക്കനുസരിച്ച് ഏറ്റെടുക്കുന്ന ഏതൊരു പ്രവൃത്തിക്കും ഈ നിർദ്ദേശങ്ങൾ ബാധകമാണ്.

**ചീഫ് എഞ്ചിനീയർ**
**(ജലസേചനവും ഭരണവും)**

2-7-2018

To
IT CELL
for HKM - website of the Dept.